# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണപ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി - വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം


## അനുബന്ധം


1. വിദ്യാലയത്തിന്റെ സൈറ്റ് പ്ലാൻ & സ്കെച്ച്
2. കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ
3. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

# ഗവ: ഫിഷറീസ് ഹയർസെക്കന്ററി സ്കൂൾ, ബേക്കൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി.എഫ്.എച്ച്.എസ്.എസ്. ബേക്കൽ |
| വിലാസം | : | മലാംകുന്ന്, ബേക്കൽ പി.ഒ – 671318 കാസർഗോഡ് ജില്ല |
| ഫോൺ | : | 04672 237400 |
| സ്കൂൾ കോഡ് | : | 12007 (എച്ച്.എസ്) |
| വിദ്യാഭ്യാസ ഉപജില്ല | : | ബേക്കൽ |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| റവന്യൂ ജില്ല | : | കാസറഗോഡ് |
| ബി.ആർ.സി | : | ബേക്കൽ |
| സി.ആർ.സി | : | ബേക്കൽ |
| ഗ്രാമപഞ്ചായത്ത് | : | ഉദുമ |
| ബ്ലോക്ക് പഞ്ചായത്ത് | : | കാഞ്ഞങ്ങാട് |
| ജില്ലാ പഞ്ചായത്ത് | : | കാസറഗോഡ് |
| നിയമസഭാമണ്ഡലം | : | ഉദുമ |
| ലോകസഭാമണ്ഡലം | : | കാസറഗോഡ് |
| താലൂക്ക് | : | ഹോസ്ദുർഗ് |
| വില്ലേജ് | : | പള്ളിക്കര II, വാർഡ് XIV (മലാംകുന്ന്) |
| പ്രധാനാധ്യാപകന്റെ പേര്/മൊബൈൽ നമ്പർ | : | ഷില്ലി. എൽ, 9447441088 |

## ആമുഖം

കാസറഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ മലാംകുന്ന് എന്ന ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ബേക്കൽ ഗവ:ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ. ചരിത്രപരവും ഐതിഹ്യപരവുമായ പെരുമയുള്ള നാടാണിത്. ദക്ഷിണകാശി എന്നറിയപ്പെടുന്ന തൃക്കണ്ണാട് ശ്രീ ത്രയംബകേശ്വര ക്ഷേത്രം, ലോകടൂറിസം ഭൂപടത്തിൽ ഇടം നേടിയ ചരിത്രപ്രസിദ്ധമായ ബേക്കൽ കോട്ട, ഹനഫി മസ്ജിദ് എന്നിവ ഈ വിദ്യാലത്തോട് ചേർന്നു നിൽക്കുന്നു. അറബിക്കടലിന്റെയും ബേക്കൽ പുഴയുടെയും ശീതളിമ ഈ നാടിനെയും, സ്കൂളിനെയും ഹരിതാഭമാക്കുന്നു.

## ലക്ഷ്യങ്ങൾ

- സൗജന്യവും സാർവത്രികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം സമസ്തവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- കുട്ടികൾ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന ക്ലാസ്സ്,സ്കൂൾതല പ്രവർത്തന കലണ്ടർ തയ്യാറാക്കുക.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ചരിത്രം

"ഒരു വിദ്യാലയം തുറക്കുമ്പോൾ നൂറ് കാരാഗൃഹങ്ങൾ അടയ്ക്കപ്പെടുന്നു."
വിക്ടർ ഹ്യൂഗോ

"മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം"
സ്വാമി വിവേകാനന്ദൻ

മുകളിൽ കൊടുത്ത രണ്ടുവാക്യവും, വിദ്യാലയത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ വിളിച്ചോതുന്നു. നമ്മളൊക്കെയും കാലങ്ങൾ യാത്ര ചെയ്യുന്നവരാണ്. യാത്രയിൽ നമുക്ക് അറിവും അനുഭവവും ഉണ്ടാകുന്നു. ഇത്തരമൊരു അറിവിനും അനുഭവങ്ങൾക്കുമപ്പുറം ചാക്രികമായ അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യതയൊരുക്കുന്ന അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. ഈ ഭൂമിയിലുള്ള അറിവിന്റെ വെളിച്ചം അശരണരും ദുർബലരുമായ സാധാരണ മനുഷ്യന് പകർന്നുനൽകിയതിൽ നമ്മുടെ സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. അധീശവർഗ്ഗത്തിന്റെ അടയാളമായിരുന്ന അറിവിനെ അധസ്ഥിതരുടെ പടവാളാക്കി മാറ്റുകയാണ് നാം ചെയ്തത്. മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും, കടലിനോട് പൊരുതുന്ന കടലിന്റെ മക്കൾക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ ഈ മാതൃസ്ഥാനം വലിയൊരു മുന്നേറ്റമാണ് നടത്തിയത്.

നാട്ടുകാരുടെയും, മറ്റും അക്ഷീണപ്രയത്നത്തിന്റെ ഫലമായി 1952 ലാണ് ബേക്കലിൽ ഒരു വിദ്യാലയം സ്ഥാപിതമാകുന്നത്. ഓലയും, പുല്ലും മേഞ്ഞ ഒരു ഷെഡ്ഡിലാണ് വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. അധികം വൈകാതെ തന്നെ ഷെഡ്ഡ് തകർന്നു. പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള രണ്ട് വീടുകളിലായി സ്കൂളിന്റെ പ്രവർത്തനം തുടർന്നു. കടപ്പുറത്തെ കാറ്റാടിതുരുത്തിന് സമീപം ഒരു പുതിയ ഷെഡ്ഡുണ്ടാക്കി സ്കൂളിന്റെ പ്രവർത്തനം ആ ഷെഡ്ഡിലേക്ക് മാറ്റി. നാട്ടുകാരുടെ ശ്രമഫലമായി അതൊരു അപ്പർ പ്രൈമറി സ്കൂളായി മാറി.

കാസർഗോഡിനും, കാഞ്ഞങ്ങാടിനും ഇടയിലുള്ള വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ പരിഗണിച്ച് വിശാലഹൃദയനും, അക്ഷരസ്നേഹിയുമായ ഡോക്ടർ പി. ഗോപാല റാവു നിസ്വാർത്ഥനും, പൊതുപ്രവർത്തകനുമായ ശ്രീ. രാമൻ മാസ്റ്റർ, അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് മുഹമ്മദ് ഷാ മൊഗ്രാൽ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഇൻസ്പെടർ ധൂമപ്പ, കടവൻ കണ്ണൻ, സി.കെ. അച്ചുതൻ (അച്ചു മാഷ്)

എന്നിവരുടെ കൂട്ടായ നേതൃത്വത്തിൽ നാട്ടുകാരുടെ ഭഗീരഥപ്രയത്നത്തിന്റെ ഫലമായി 1953 - ൽ ഇതൊരു ഹൈസ്കൂളായി മാറി. പരേതനായ ഡോക്ടർ പി. ഗോപാല റാവു സംഭാവനയായി നൽകിയ മൂന്നേക്കർ എട്ട് സെന്റ് സ്ഥലത്താണ് 1954 - ൽ സ്കൂളിന് പുതിയ കെട്ടിടം പണിതത്. ഈ വിദ്യാലയത്തിന്റെ ശിരസിലെ പൊൻതൂവലെന്നോണം 2004-ൽ ഇതൊരു ഹയർ സെക്കന്ററി സ്കൂളായി മാറി. പ്ലസ് ടു സയൻസ്, കൊമേഴ്സ് എന്നിങ്ങനെ രണ്ട് ബാച്ചുകളാണ് ഉള്ളത്.

എസ്.എസ്.എ, ജില്ലാ പഞ്ചായത്ത്, എം.എൽ.എ, എം.പി, ഗ്രാമപഞ്ചായത്ത് തുടങ്ങിയ ഏജൻസികളുടെ നിസ്സീമമായ സഹകരണവും, സഹായവും ഈ സ്കൂളിന്റെ ഭൗതിക പരിമിതികളെ മറികടക്കാൻ പി.ടി.എ ക്ക് താങ്ങായി എന്നും ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ മെച്ചപ്പെട്ട ഒരു കമ്പ്യൂട്ടർ ലാബ്, വൃത്തിയും വെടിപ്പുമുള്ള അടുക്കള, ആകർഷകമായ ലൈബ്രറി, പരീക്ഷണങ്ങൾ ചെയ്യുന്നതിന് സൗകര്യമുള്ള സയൻസ് ലാബ് എന്നിവ നേടിയെടുക്കാൻ സ്കൂളിന് കഴിഞ്ഞു. അറുപത് വർഷക്കാലത്തെ പ്രവർത്തന കാലയളവിൽ അക്കാദമിക - അക്കാദമികേതര രംഗങ്ങളിൽ അസൂയാവഹമായ പലനേട്ടങ്ങളും കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. മികവിൽ നിന്ന് നിറവിലേക്കുള്ള പ്രയാണത്തിൽ ഒരു നാട് മുഴുവൻ വിദ്യാലയത്തിന് താങ്ങായി നിൽക്കുന്നു.

2014 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ചരിത്രത്തിൽ ആദ്യമായി നൂറുമേനി വിജയംവരിക്കാൻ സ്കൂളിന് കഴിഞ്ഞു. അധ്യാപകരുടെ ത്യാഗപൂർണ്ണമായ അർപ്പണ മനോഭാവവും, പി.ടി.എ കമ്മിറ്റിയുടെ നിതാന്തജാഗ്രതയും, രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും പരിപൂർണ്ണ പിന്തുണയും, വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ ശ്രമവും കൂടിയായപ്പോൾ ഒരു നാടിന്റെ ചിരകാല സ്വപ്നമാണ് പൂവണിഞ്ഞത്. 2015-ലും 2016-ലും എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയമാവർത്തിക്കാനും നമുക്ക് സാധിച്ചു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. 2017-ൽ 99% വിജയം നേടി 89 കുട്ടികൾ പരീക്ഷയെഴുതിയതിൽ 88 കുട്ടികൾ പാസ്സായി. ഒരു കുട്ടി നിർഭാഗ്യവശാൽ തോറ്റുപോയി. എങ്കിലും 8 കുട്ടികൾക്ക് എല്ലാ വിഷയത്തിലും എ പ്ലസ്സും, 3 കുട്ടികൾക്ക് 9 വിഷയങ്ങളിൽ എ പ്ലസ്സും ലഭിച്ചു. 2024-25ൽ 100% വിജയം ആവർത്തിച്ചു. ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ 3 ഡിവിഷനുകളിലായി 339 കുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നുണ്ട്. ഉള്ളടക്കത്തിലും, പ്രയോഗത്തിലും, സമീപനത്തിലും, സാമൂഹിക കാഴ്ചപ്പാട് സന്നിവേശിപ്പിച്ച ഒരു പാഠ്യപദ്ധതിയാണ് നാം ഇന്ന് സ്വീകരിച്ചിട്ടുള്ളത്. കേവലജ്ഞാന സമ്പാദനത്തിനപ്പുറം ചലനാത്മകവും, വികസനോന്മുഖവും, പ്രശ്നങ്ങളെ മുറിച്ച് കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗ്ഗാത്മക പ്രവർത്തനമായി പഠനത്തെ നാം മാറ്റിയെടുത്തു. ഈ ഒരു കാഴ്ചപ്പാട് അതിന്റെ അർത്ഥത്തിലും, വ്യാപ്തിയിലും ഉൾക്കൊള്ളുകയും, പ്രയോഗിക്കുകയുമാണ് അക്കാദമിക സമൂഹം ചെയ്യേണ്ടത്. അതിന് പര്യാപ്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഭൗതികവും, അക്കാദമികവും, സാമൂഹികവുമായ അതിന്റെ സാഹചര്യങ്ങൾ മാറേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് ബേക്കൽ ഗവ: ഫിഷറീസ് ഹയർസെക്കന്ററി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും, വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- ശുചിത്വം, ദയ, അനുകമ്പ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതിക ബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരമായ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

- ▷ എസ്.ആർ.ജി യോഗത്തിൽ ബേക്കൽ സ്കൂൾ വിഷൻ 2025-26 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- ▷ വികസനാവശ്യങ്ങൾ / വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- ▷ കരട് രൂപ രേഖ SRG, SMC, PTA, MPTA, OSA, SDC, രാഷ്ട്രീയ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ
- ▷ ശിൽപശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- ▷ പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത രൂപരേഖ തയ്യാറാക്കൽ

## വിദ്യാലയം - അവസ്ഥാ വിശകലനം

### എ) ഭൗതികം - നേട്ടങ്ങൾ

തീരദേശവികസന കോർപ്പറേഷന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 10 ക്ലാസ്സ് മുറികളുള്ള ഒരു ഇരുനില കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. ഇതിൽ 8 ക്ലാസ്സ് മുറികൽ ഹൈടെക്ക് സംവിധാനം ഒരുക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ (ഇലക്ട്രിഫിക്കേഷൻ) പൂർത്തീകരിച്ചു.

### ബി)അക്കാദമികം - നേട്ടങ്ങൾ

2020-മുതൽ 2025 വരെ തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടാൻ കഴിഞ്ഞു.

### സി) അക്കാദമികം- പരിമിതികൾ

വിവിധ മത്സരപരീക്ഷകളിൽ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാലാ നവീകരണം(ഡിജിറ്റൽ ലൈബ്രറി), ലബോറട്ടറികളുടെ ആധുനിക വൽക്കരണം എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. കലാ കായിക രംഗങ്ങളിൽ സ്കൂളിന് സംസ്ഥാന തലംവരെ എത്തിനിൽകുന്ന അവസ്ഥയുണ്ടെങ്കിലും കലാ-കായിക പരിശീലനത്തിന് സ്ഥിരം അധ്യാപകരുടെ സേവനം ഇനിയും ലഭ്യമാവുന്നില്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ● ഭാഷാശേഷി വികസനം | ● ഗേറ്റ് | ● പി.ടി.എ ശക്തിപ്പെടുത്തൽ |
| ● ഗണിതശേഷി വികസനം | ● കളിസ്ഥലം | ● എസ്.എം.സി, എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ |
| ● ഇംഗ്ലീഷ് പഠന പരിപോഷണം | ● ചിൽഡ്രൻസ് പാർക്ക് | ● വിദ്യാലയ വികസനസമിതി |
| ● ശാസ്ത്ര പോഷണ പരിപാടി | ● സ്റ്റാഫ് മുറി | ● പൂർവ്വ വിദ്യാർത്ഥി സംഘടന |
| ● വായനാ പരിപോഷണം | ● പെൺകുട്ടികൾക്ക് വിശ്രമമുറി | ● എസ്.എസ്.ജി |
| ● ലൈബ്രറി ശാക്തീകരണം | ● മൾട്ടി മീഡിയ റൂം | ● ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം |
| ● ലബോറട്ടറി ആധുനികവൽക്കരണം | ● റീഡിംഗ് റൂം | ● ക്ലാസ്സ് പി.ടി.എ മാതൃകാവത്കരണം |
| ● പ്രതിഭാപോഷണ പരിപാടി | ● ഡൈനിംഗ് ഹാൾ | ● മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ● നാടകക്കളരി | ● അസംബ്ലി ഹാൾ | ● റിസോഴ്സ് മാപ്പിംഗ് |
| ● ജൈവ വൈവിധ്യ പാർക്ക് | ● കുടിവെള്ള വിതരണം | ● പഠനക്കൂട്ടം |
| ● സാഹിത്യ പോഷണ പരിപാടികൾ | ● മാലിന്യ സംസ്കരണം | ● ഭവന സന്ദർശനം |
| ● പഠനയാത്രകൾ | ● ടോയ്‌ലറ്റ് നവീകരണം | ● പ്രാദേശിക പി.ടി.എ |
| ● സെമിനാറുകൾ | ● ലബോറട്ടറി | |
| ● കലാ - കായികമേള | ● ജന്മദിനത്തിനൊരു പുസ്തകം | |
| ● ഐ.ടി. പരിശീലനം | ● ഓപ്പൺ ക്ലാസ്സ് റൂം | |
| ● അധ്യാപകശാക്തീകരണ പരിപാടി | | |
| ● ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | | |
| ● സ്കൂൾ പത്രം / മാസിക | | |
| ● പ്രവർത്തി പരിചയ പഠനം | | |
| ● എസ്.ആർ.ജി ശാക്തീകരണം | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാ ശിൽപശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഗണിത ലാബ്<br>• ഭാഷാലാബ്<br>• ബ്ലോഗ്<br>• കായിക പഠനം<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>• ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ<br>• ദിനാചരണങ്ങൾ<br>• സ്കൂൾ യൂ - ട്യൂബ് ചാനൽ | | |

## വിവിധ സർക്കാർ പദ്ധതികളും സ്കൂളിൽ അവയുടെ വിജയകരമായ നടത്തിപ്പും സംബന്ധിച്ച് ഒരു അവലോകനം

### എ) ശ്രദ്ധ-മികവിലേക്കൊരു ചുവട്.

ഈ പദ്ധതി കഴിഞ്ഞ ഏതാനും വർഷങ്ങളായി വളരെ മികച്ച രീതിയിൽ സ്കൂളിൽ നടത്തി വരുന്നു. പഠനപ്രവർത്തനങ്ങളിൽ പല കാരണങ്ങളാലും പിന്നോക്കം നിൽക്കുന്ന 8,9 ക്ലാസ്സുകളിലെ നിശ്ചിത ശതമാനം കുട്ടികളെ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും അവർക്ക് എല്ലാ ദിവസവും അധിത പരീശീലനം കൊടുത്ത് മറ്റുള്ളവർക്കൊപ്പമെത്താൻ അവസരം സൃഷ്ടിക്കലുമാണ് ഇതിന്റെ ലക്ഷ്യം. ഏറ്റവും മികച്ചരീതിയിൽ സമയബന്ധിതമായിത്തന്നെ ഇത് നടത്തിപ്പോരുന്നു.കുട്ടികളുടെ അക്കാദമിക കാര്യങ്ങളിൽ പ്രകടമായ മാറ്റം സൃഷ്ടിക്കാൻ 'ശ്രദ്ധ'ക്ക് കഴിഞ്ഞിട്ടുണ്ട്.

### ബി) മേന്മ ഗണിതം.

രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (RAA)യുടെ നേതൃത്ത്വത്തിൽ നടപ്പിലാക്കിയ ഗണിത ശാക്തീകരണ പരിപാടിയായ 'മേന്മ'അഞ്ചാം ക്ലാസ്സിലാണ് നടപ്പിലാക്കിയത്. അഞ്ചാം ക്ലാസ്സിലെ എട്ടാമത്തെ യൂണിറ്റായ 'ഭാഗങ്ങൾ ചേരുമ്പോൾ'എന്ന പാഠഭാഗമാണ് ഇതിനായി തെരഞ്ഞെടുത്തത്. ഈ യൂണിറ്റിന്റെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി അഞ്ച് വർക്ക് ഷീറ്റുകൾ മലയാളം, കന്നട,ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകളിൽ തയ്യാറാക്കുകയും അഞ്ചാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഫെബ്രുവരി 16,19,22.28 എന്നീ തീയതികളിൽ നൽകുകയും ചെയ്തു.

### സി)സയൻസ് ഫെസ്റ്റ്

കുട്ടികളുടെ മികവാർന്ന പരീക്ഷണങ്ങൾ കണ്ടുപിടുത്തങ്ങൾ, മോഡൽ എന്നിവ സ്കൂളിൽ ഒരു ഫെസ്റ്റ് സംഘടിപ്പിച്ച് പ്രദർശിപ്പിക്കുന്നു.

### ഡി)സയൻസ് ക്വിസ്

സയൻസ് പാഠഭാഗവുമായി ബന്ധപ്പെട്ട് ക്വിസ് സംഘടിപ്പിക്കുന്നു.

### ഇ) സയൻസ് പ്രൊജക്ട്

മികച്ച് പ്രൊജക്ട് തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

### എഫ്) സയൻസ് പാർക്ക്

സയൻസുമായി ബന്ധപ്പെട്ട പരീക്ഷണ ഉപകരണങ്ങൾ, മോഡൽ എന്നിവ നിർമ്മിച്ച് സയൻസ് പാർക്കിൽ ഉപയോഗത്തിനായി വെക്കുന്നു.

## ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ

### ജൈവവൈവിധ്യ ക്ലബ്

സ്കൂളിൽ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. കുട്ടികളിൽ ജൈവവൈവിധ്യ സംരക്ഷണത്തെ പറ്റി അവബോധം സൃഷ്ടിക്കാനായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. സ്കൂളിൽ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ നഴ്സറി തയ്യാറായി വരുന്നു. സ്കൂൾ നഴ്സറി യോജന പ്രകാരം കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. നാട്ടുഞാവൽ , അശോകം, കരിമരുത്, കൂവളം, പുന്നക്ക, ഇലഞ്ഞി എന്നീ ഇനങ്ങളിലായി രണ്ടായിരം തൈകൾ അടുത്ത വർഷത്തേക്കായി നഴ്സറിയിൽ വളർത്തി വരുന്നു. ഇത് പൊതുസ്ഥലങ്ങിൽ നടാനുള്ളതാണ്. കൂടാതെ നാട്ടുമാവുകളുടെ വൈവിധ്യമേറിയ ശേഖരവും നഴ്സറിയിലുണ്ട് സ്കൂളിൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ച മധുര വനം പദ്ധതി പ്രകാരം മുപ്പതോളം പഴവൃക്ഷത്തൈകളുടെ തോട്ടം വളർന്നു വരുന്നുണ്ട്.

കൂടാതെ നക്ഷത്ര വനമെന്ന പദ്ധതിയുടെ പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്. അത്തി, ഇത്തി, ആൽ, അരയാൽ, ഞാവൽ, ഇലഞ്ഞി, കടമ്പ്,പ്ലാശ്, വയ്യാങ്കത, മുള, കൂവളം, അശോകം, കൂവളം, താന്നി, മുള, കരിമ്പന, എന്നിവയൊക്കെ സ്കൂൾ വളപ്പിലുണ്ട്. 6 ഇനം നെല്ലിമരങ്ങളും ഇവിടെയുണ്ട്.

ബേക്കൽ പുഴക്കരയിൽ സ്കൂളിലെ കുട്ടികളുടെ നേതൃത്വത്തിൽ കണ്ടൽ തുരുത്ത് നട്ട് സംരക്ഷിച്ചു വരുന്നുണ്ട്.

### പൈതൃക വാഴ സംരക്ഷണ കേന്ദ്രം

ഉദുമ ഗ്രാമ പഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതിയുടെയും ജി എഫ് എച്ച് എസ് എസ് ബേക്കലിലെ ജൈവവൈവിധ്യ ക്ലബിന്റെയും നേതൃത്വത്തിൽ സ്കൂളിൽ പൈതൃക വാഴ സംരക്ഷണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. കേരള കാർഷിക സർവ്വകലാശാല ഉത്തരമേഖലാ ഗവേഷണ വിഭാഗം മേധാവി ഡോ ടി വനജ പദ്ധതി ഉദ്ഘാടനം ചെയ്തു. കേരളത്തിൽ പലയിടത്തായി കൃഷി ചെയ്തുവരുന്ന ഇരുന്നൂറോളം പ്രാദേശിക വാഴയിനങ്ങളെ നട്ടു സംരക്ഷിച്ച് കർഷകർക്ക് വാഴവിത്തുകൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രത്യേക ഇനങ്ങളെയും ഇവിടെ സംരക്ഷിക്കും. ആദ്യഘട്ടമായി നാൽപ്പതു ഇനങ്ങളാണ് സ്കൂൾ വളപ്പിൽ നട്ടത്.

പഴനിയിൽ പഞ്ചാമൃതം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വിരൂപാക്ഷി എന്ന അതിമധുരമുള്ള വാഴ നട്ടാണ് പൈതൃക വാഴ സംരക്ഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്തിയത്. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ഇനമായ വേലിപ്പടത്തി, കുറിയ തടിച്ച ഇനമായ കുള്ളൻ കർപ്പൂരവല്ലി, തിരുവിതാംകൂർ രാജവംശം ചടങ്ങുകൾക്കുപയോഗിക്കുന്ന കുലശേഖര മട്ടി, കൃഷ്ണ നിറത്തിലറിയപ്പെടുന്ന കടുത്ത നീല നിറത്തിലുള്ള കൃഷ്ണ വാഴ, കറിക്കായകളുടെ രാജാവായ പുടി മൊന്തൻ, അതീവ മധുരമുള്ള തേൻ കദളി, മധ്യകേരളത്തിലെ കറിക്കായയായ ചതുരക്കാളി, ചിപ്സുണ്ടാക്കാൻ ഉപയോഗിക്കുന്ന മൈസൂർ ഏത്തനെന്ന തെന്നാലി, പഴുത്താൽ പച്ച നിറത്തിലുള്ള പഴമുള്ള ചിങ്ങൻ, പൂജയ്ക്കുപയോഗിക്കുന്ന പൂജാക്കദളി, കുട്ടികൾക്ക് കുറുക്കി നൽകാൻ ഉപയോഗിക്കുന്ന വലിയ കുന്നൻ, കൂമ്പില്ലാത്ത കൂമ്പില്ലാ കണ്ണൻ, ഉയരമുള്ള മലമ്പൂവൻ, ഇടുക്കിയിലെ കാട്ടുപൂവൻ, മികച്ച പ്രതിരോധശേഷിയുള്ള അമൃതസാഗർ, പാലക്കാട് കണ്ടു വരുന്ന പച്ച നാടൻ, തണലത്ത് വളരുന്ന കർപ്പൂരവല്ലി, കുട്ടികളുടെ കവിൾ രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന കറ ശേഖരിക്കുന്ന വാഴയായ വാഴക്കണ്ണൻ, ശരാശരി 20 അടി ഉയരം വെയ്ക്കുന്ന ആറ്റുകദളി, പഴുത്ത പഴം ഉണക്കി കഴിക്കാൻ യോജിച്ച ചെന്നാലി, ഔഷധ ഗുണമുള്ള ചെമ്മട്ടി തുടങ്ങിയ തനത് ഇനങ്ങളാണ് ആദ്യഘട്ടത്തിൽ സംരക്ഷണ പട്ടികയിൽ പെടുത്തി നട്ടത്. ഇതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വാഴയിനങ്ങളും നട്ടിട്ടുണ്ട്. ബംഗാളി ഇനങ്ങളായ ഗൗരിയ, പച്ച ചോന്ത ബെത്തിസ, ദേശി കന്താളി, ബീഹാർ ഇനമായ ഗോത്തിയ, ആന്ധ്രയിൽ നിന്നുള്ള മങ്കുത്ത് മാൻ, തമിഴ്നാട്ടിൽ നിന്നുള്ള രസ്താളി എന്നിവയും നട്ടിട്ടുണ്ട്.

മൺസൂൺ ആരംഭത്തോടെ വാഴ സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും. ഇതിനായി കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിന്റെ സഹകരണം ഉറപ്പാക്കും. നിലവിലെ വാഴവിത്തുകളിൽ ഭൂരിഭാഗവും വയനാട്ടിലെ വാഴ സംരക്ഷകനായ നിഷാന്തിന്റെ വാഴത്തോട്ടത്തിൽ നിന്നുമാണ് ശേഖരിച്ചത്.

ജൈവവൈവിധ്യ ക്ലബിലെ 30 കുട്ടികൾക്കാണ് പൈതൃക വാഴത്തോട്ടത്തിന്റെ പരിചരണ ചുമതല. ഉദുമ BMC യോടൊപ്പം പിടിഎ യും മികച്ച പിന്തുണ നൽകുന്നു. വിവിധയിനം വാഴകളുടെ വളർച്ചാ ഘട്ടങ്ങൾ കുട്ടികൾ പഠനവിധേയമാക്കും. കൂടുതൽ വാഴയിനങ്ങൾ എത്തുമ്പോൾ കുട്ടികളുടെ വീട്ടുപറമ്പിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കും.

**നക്ഷത്ര വന നിർമ്മാണം**

ജി എഫ് എച്ച് എസ് എസ് ബേക്കലിൽ ജൈവവൈവിധ്യ ക്ലബിന്റെ നേതൃത്വത്തിൽ നക്ഷത്ര വന നിർമ്മാണം ആരംഭിച്ചു. ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധിയുടെ ജന്മനക്ഷത്ര വൃക്ഷമായ നാഗപ്പൂമരം നട്ട് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ വി ബാലകൃഷ്ണൻ പദ്ധതിക്ക് തുടക്കം കുറിച്ചു. നക്ഷത്ര വനപദ്ധതി പ്രകാരം മലയാള മാസത്തിലെ 27 നക്ഷത്രങ്ങൾക്കനുസരിച്ചുള്ള 27 വ്യത്യസ്തമായ വൃക്ഷത്തൈകൾ സ്കൂൾ വളപ്പിൽ നടും. ഗാന്ധിജയന്തി ദിനത്തിൽ 16 നക്ഷത്ര മരങ്ങളാണ് നട്ടത്. നീലേശ്വരത്തെ പ്രാദേശിക കാർഷിക ശാസ്ത്രജ്ഞനായ ശ്രീ ദിവാകരൻ കടിഞ്ഞിമൂലയാണ് സ്കൂളിൽ നക്ഷത്ര വനമൊരുക്കുന്നത്. സ്കൂൾ എൻസിസി കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ വളപ്പ് പ്ലാസ്റ്റിക് മുക്തമാക്കിയ കുട്ടികൾ ശുചിത്വ നവകേരളത്തിനായി പ്രതിജ്ഞ എടുത്തു. ഉദുമ ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ പി സുധാകരൻ മുഖ്യാതിഥിയായി പങ്കെടുത്തു. പി ടി എ പ്രസിഡന്റ് വി പ്രഭാകരൻ അധ്യക്ഷത വഹിച്ചു. സ്മിത ടീച്ചർ സംസാരിച്ചു. സീനിയർ അസിസ്റ്റന്റ് അനിത എം സ്വാഗതവും ജൈവ വൈവിധ്യ ക്ലബ് കോർഡിനേറ്റർ 'ജയപ്രകാശ് എ.കെ നന്ദിയും രേഖപ്പെടുത്തി സ്കൂൾ സ്ഥിതി ചെയ്യുന്ന ബേക്കൽ പുഴയോരത്തെ ജൈവവൈവിധ്യം പഠിച്ച കുട്ടികൾ തീരപ്രദേശത്തെ കണ്ടൽ ഇനങ്ങളും അവയുടെ സഹചാരികളായ മരങ്ങളും പല കാരണങ്ങളാലും ഇവിടെ നിന്നും അപ്രത്യക്ഷമാവുന്നതായി കണ്ടെത്തി. ഇതിൽ തീരപ്രദേശത്ത് വ്യാപകമായി കണ്ടിരുന്ന പുന്ന, പനച്ചി എന്നിവയെ പറ്റി വിശദമായി പഠിക്കുകയും സംസ്ഥാന ബാല ശാസ്ത്ര കോൺഗ്രസ്സിൽ പ്രൊജക്ട് അവതരിപ്പിക്കുകയും ചെയ്തു. ഈ വിഷയം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ശ്രദ്ധയിൽ പെടുത്തുകയും ഈ മരങ്ങളുടെ തൈകൾ സ്കൂൾ നഴ്സറിയിൽ നട്ടുവളർത്തി തീരപ്രദേശത്ത് നടാനുള്ള പദ്ധതി ആരംഭിക്കുകയും ചെയ്തു. ഉദുമ ഗ്രാമ പഞ്ചായത്ത് ജൈവ വൈവിധ്യ പരിപാലന സമിതിയുടെ കൂടി പിന്തുണയോടെയാണ് ഇത് നടപ്പിലാക്കുന്നത്.

## സകൂൾ നഴ്സറി യോജന

ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കണ്ടറി സ്കൂൾ ബേക്കലിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്കൂൾ നഴ്സറി പ്രൊജക്ടിന് തുടക്കമായി. പദ്ധതി പ്രകാരം രണ്ടായിരം വൃക്ഷത്തൈകളുടെ നഴ്സറിയാണ് സ്കൂളിൽ ഒരുങ്ങുന്നത്. അടുത്ത ജൂൺ ആരംഭത്തോടെ പൊതുസ്ഥലങ്ങളിലും മറ്റ് സ്കൂളുകളിലും നടാനുള്ളതാണ് തൈകളാണ് വലിയ ഗ്രോബാഗുകളിൽ ഒരുക്കുന്നത്. സ്കൂൾ നഴ്സറി യോജനയുടെ ഔദ്യോഗിക ഉദ്ഘാടനം കേരള സംസ്ഥാന സാമൂഹ്യ വനവൽക്കരണ വിഭാഗം തലവൻ ശ്രീ സഞ്ജയൻ കുമാർ കഎട നാട്ടുമാവ് നട്ടു കൊണ്ട് നിർവ്വഹിച്ചു. അസിസ്റ്റൻറ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ ധനേഷ് കുമാർ പദ്ധതി വിശദീകരിച്ചു. വിവിധ വൃക്ഷ തൈകളുടെ വിത്ത് മുളപ്പിച്ച് തൈകളാക്കി നട്ടുപരിപാലിക്കുന്നത് സ്കൂൾ ഫോറസ്റ്റ് ക്ലബിലെ നാൽപ്പത് കുട്ടികൾ ചേർന്നാണ്. ഇതിലെ വിവിധ ഘട്ടങ്ങൾ കുട്ടികളെ പരിശീലിപ്പിക്കും. കൂടാതെ കുട്ടികൾക്ക് ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ് തുടങ്ങിയവയിലും പ്രാവീണ്യം നൽകും. വംശനാശ ഭീഷണി നേരിടുന്ന നാട്ടുമാവുകളും നാടൻ ഫലവൃക്ഷ തൈകളും സ്കൂൾ നഴ്സറിയിൽ നട്ടുവളർത്തുമെന്ന് പദ്ധതിയുടെ കോർഡിനേറ്റർ ജയപ്രകാശ് അരവത്ത് അറിയിച്ചു.ആദ്യ ഘട്ടമായി പുന്നക്ക, കരിമരുത്, ഇലഞ്ഞി, ഞാവൽ, ഒണ്ടാം പുളി, കൊടംപുളി, അശോകം, കൂവളം, പ്ലാവ്, മാവ് എന്നിവയുടെ തൈകളാണ് ഒരുങ്ങുന്നത്.

## പ്രതീക്ഷിത നേട്ടങ്ങൾ

- ✓ ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാനുഭവം ഒരുക്കുന്നു.
- ✓ "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ✓ മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- ✓ വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

## മോണിറ്ററിംഗ് രീതി

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.

സോഷ്യൽ മോണിറ്ററിംഗ് നടപ്പിലാക്കണം. (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി)

ദൈനംദിന മോണിറ്ററിംഗ് (ഹെഡ്മാസ്റ്റർ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ പ്രസിഡണ്ട്)

## ഉപസംഹാരം

സൗജന്യവും, സമഗ്രവും, സാർവ്വത്രികവുമായ വിദ്യാഭ്യാസം ഓരോ പൗരന്റെയും അവകാശമാണ്. അത് നൽകാൻ പൊതുവിദ്യാലയങ്ങൾ പ്രാപ്തമാകണം. ഗുണമേന്മയുള്ള പൊതുവിദ്യാഭ്യാസം ലഭ്യമാകുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി – നമ്മുടെ സ്കൂളിൽ

പൊതുവിദ്യാഭ്യസ നിലവാരം ഉയർത്തുന്നതിന് സാധ്യമായ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന ഒരു പദ്ധതി കേരളസർക്കാർ നടപ്പിലാക്കുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതി ഹ്രസ്വകാലം കൊണ്ട് കൈവരിക്കാൻ സാധിക്കുന്ന തരത്തിലാണ് ഇതിനായി സമഗ്രഗുണമേന്മാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ജനപങ്കാളിത്തത്തോടെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ അക്കാദമിക് ഗുണനിലവാരം  ഉയർത്തുകയും അതുവഴി ഗുണമേന്മ ഉറപ്പാക്കുകയും ചെയ്യുന്നതിനായി വിവിധ മേഘലകളായി തിരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**സ്കൂളിന്റെ ഭാഗത്ത് നിന്നുണ്ടായ പ്രവർത്തനങ്ങൾ**

- ✓ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- ✓ ഓരോ ക്ലാസ്സിലും ഓരോ വിഷയത്തിലും കുട്ടിയാർജ്ജിക്കേണ്ട ശേഷികൾ നേടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.
- ✓ ഓരോ ആഴ്ചയിലും എസ്.ആർ.ജി കൾ ചേർന്ന് പ്രവർത്തനം വിലയിരുത്തൽ.
- ✓ മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കൽ
- ✓ അക്കാദമിക കലണ്ടറിന് അനുസൃതമായി പഠനസമയം ഉറപ്പാക്കൽ
- ✓ എസ്.സി/എസ്.ടി, പ്രത്യേക ശ്രദ്ധവേണ്ടുന്ന വിഭാഗങ്ങൾ, ഭിന്നശേഷിക്കുട്ടികൾ എന്നിവർക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കൽ
- ✓ കൂടുതൽ ശ്രദ്ധവേണ്ടുന്ന വിഷയങ്ങൾക്ക് പ്രത്യേക പദ്ധതികൾ, സാങ്കേതിക വിദ്യയുടെ ഉപയോഗം
- ✓ ഓപ്പൺബുക്ക് പരീക്ഷ, SAS പരീക്ഷ, ഓട്ടോമേറ്റഡ് ചോദ്യബാങ്കുകൾ
- ✓ സബ്ജക്ട് മിനിമം (30%) നേടാത്തവർക്ക് അവധിക്കാലങ്ങളിൽ തുടർ പിന്തുണ നൽകൽ
- ✓ 5, 8 ക്ലാസ്സുകളിൽ പഠനനിലവാരം ഉയർത്താൻ മെന്ററിംഗ് പിന്തുണ
- ✓ നിരന്തര മൂല്യനിർണ്ണയ പ്രക്രിയ

കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

**2015 – 16**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 31 | 25 | 56 |
| VI | 41 | 23 | 64 |
| VII | 29 | 25 | 54 |
| VIII | 30 | 27 | 57 |
| IX | 55 | 45 | 100 |
| X | 65 | 45 | 110 |
| Total | 251 | 190 | 441 |

**2016 –17**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 32 | 16 | 48 |
| VI | 28 | 24 | 52 |
| VII | 37 | 23 | 60 |
| VIII | 37 | 25 | 62 |
| IX | 35 | 28 | 63 |
| X | 44 | 46 | 90 |
| Total | 213 | 162 | 375 |

**2017 - 18**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 16 | 29 | 45 |
| VI | 30 | 16 | 46 |
| VII | 28 | 24 | 52 |
| VIII | 41 | 25 | 66 |
| IX | 37 | 24 | 61 |
| X | 35 | 29 | 64 |
| Total | 187 | 147 | 334 |

**2018 - 19**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 16 | 17 | 33 |
| VI | 15 | 29 | 44 |
| VII | 30 | 16 | 46 |
| VIII | 40 | 25 | 65 |
| IX | 40 | 26 | 66 |
| X | 35 | 24 | 59 |
| Total | 176 | 137 | 313 |

**2019 – 20**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 15 | 21 | 36 |
| VI | 17 | 18 | 35 |
| VII | 15 | 28 | 43 |
| VIII | 40 | 23 | 63 |
| IX | 41 | 21 | 62 |
| X | 40 | 26 | 66 |
| Total | 168 | 137 | 309 |

**2022 – 23**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 28 | 19 | 47 |
| VI | 28 | 29 | 57 |
| VII | 25 | 24 | 49 |
| VIII | 38 | 32 | 70 |
| IX | 37 | 30 | 67 |
| X | 32 | 26 | 58 |
| Total | 188 | 160 | 348 |

**2023 – 24**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | | | |
| VI | | | |
| VII | | | |
| VIII | | | |
| IX | | | |
| X | | | |
| Total | | | |

**2024 – 25**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 24 | 21 | 45 |
| VI | 22 | 24 | 46 |
| VII | 27 | 19 | 46 |
| VIII | 37 | 30 | 67 |
| IX | 36 | 28 | 64 |
| X | 34 | 37 | 71 |
| Total | **180** | **159** | **339** |

## മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം 2025 – 26

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നഡ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 5 | 14 | 9 | 23 | 2 | 7 | 9 | 0 | 0 | 0 | 0 | 3 | 3 | 16 | 19 | 35 |
| 6 | 16 | 9 | 25 | 5 | 6 | 11 | 0 | 0 | 0 | 6 | 8 | 14 | 27 | 23 | 50 |
| 7 | 15 | 15 | 30 | 3 | 4 | 7 | 0 | 0 | 0 | 6 | 5 | 11 | 24 | 24 | 48 |
| 8 | 21 | 15 | 36 | 8 | 4 | 12 | 0 | 0 | 0 | 5 | 4 | 9 | 34 | 23 | 57 |
| 9 | 20 | 16 | 36 | 13 | 7 | 20 | 0 | 0 | 0 | 4 | 8 | 12 | 37 | 31 | 68 |
| 10 | 19 | 13 | 32 | 12 | 11 | 23 | 0 | 0 | 0 | 5 | 4 | 9 | 36 | 28 | 64 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | ഭാഷാശേഷികളിൽ നൈപുണ്യം നേടൽ | • ഹിന്ദി ഭാഷാശേഷികളിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളുടെ നിലവാരം<br>• പ്രീ-ടെസ്റ്റ് നടത്തി പിന്നോക്ക ക്കാരെ കണ്ടെത്തുന്നു | ജൂൺ ആഗസ്ത് | പ്രീ-ടെസ്റ്റ് ചോദ്യപേപ്പർ<br>സി.ഡി, ഓഡിയോ വിഷ്വൽ | PTA<br>SSA<br>RMSA | 25000 |
| 2 | വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കൽ | •തെറ്റ് കൂടാതെയുള്ളതും അക്ഷരസ്ഫുടതയോടയുള്ളതും ആശയ ഗ്രഹണത്തോടെയു മുള്ള വായനാമത്സരങ്ങൾ നടത്തുന്നു.<br>•ഏറ്റവും നല്ല വായനക്കാരന് ഉപഹാരം നൽകൽ | ജൂൺ - ഒക്ടോബർ | ഹിന്ദി ബാലസാഹിത്യ മാസികകൾ<br>ഹിന്ദി വർത്തമാന പത്രം<br>വായനാമൂല<br>ഹിന്ദി ലൈബ്രറി സൗകര്യം | PTA<br>SSA<br>RMSA<br>ജില്ലപഞ്ചായത്ത്<br>സന്നദ്ധ സംഘടനകൾ | 4 ലക്ഷം |
| 3 | എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ മികവുറ്റവരാക്കുക. | •ഡിജിറ്റൽ വായന<br>•ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് എഴുത്തിൽ പ്രോത്സാഹിപ്പിക്കുക<br>•വിവിധ ലേഖനമത്സരങ്ങൾ സംഘടിപ്പിക്കുക<br>•പോസ്റ്റർഡ രചന, സ്ക്രിപ്റ്റ് രചന, ഉപന്യാസ രചന, കഥാരചന | ജൂൺ മുതൽ നവംബർ വരെ | ചാർട്ട് പേപ്പർ<br>സ്കെച്ച് പേപ്പർ<br>പെൻസിൽ<br>തുടങ്ങിയ ലേഖന സാമഗ്രികൾ | PTA<br>SSA<br>RMSA<br>ജില്ലപഞ്ചായത്ത്<br>സന്നദ്ധ സംഘടനകൾ | 1 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| | | •കവിതാ രചന സംഘടിപ്പിക്കൽ<br>•വിജയികൾക്ക് ഉപഹാരം നൽകൽ | | | | |
| 4 | ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ ഹിന്ദി അനായാസേന കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | •ഹിന്ദി സർഗ്ഗാത്മക ക്യാമ്പ്<br>•കഥാ വായന<br>•കവിതാ വായന<br>•കഥാ രചന<br>•കവിതാ രചന<br>•സുവനീർ നിർമ്മാണം<br>•ഹിന്ദി സിനിമ കാണാനുള്ള അവസരം<br>•ഹിന്ദിയിലെ പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖം<br>•ശിൽപശാലകൾ<br>•ഹിന്ദി സെമിനാർ<br>•ഹിന്ദി നാടകഅഭിനയവും അതരണവും<br>•ഹിന്ദി ഗാനങ്ങൾ കേൾക്കാനുള്ള അവസരം<br>•ദേശീയ നേതാക്കളുടെ പ്രസംഗങ്ങൾ കേൾക്കാനുള്ള അവസരം | ജൂൺ മുതൽ മാർച്ച് വരെ | ലാംഗ്വേജ് ലാബ്<br><br>സുസജ്ജമായ ഹിന്ദി ലൈബ്രറി<br><br>സി.ഡി.കൾ ഓഡിറ്റോറിയം<br><br>ശബ്ദ-വെളിച്ച സംവിധാനം<br><br>ഹിന്ദി തിയറ്റർ<br><br>ഓഡിയോ വിഷ്വൽ ഉപകരണങ്ങളുടെ ലഭ്യത<br><br>പ്രൊജക്ടർ | PTA<br><br>SSA<br><br>RMSA<br><br>ജില്ലപഞ്ചായത്ത്<br><br>സന്നദ്ധ സംഘടനകൾ<br><br>എം.എൽ.എ<br><br>എം.പി | 20 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഹിന്ദി കലോത്സവം | വിദ്യാർത്ഥികളുടെ ഹിന്ദി ഭാഷയിലെ കഴിവ് പ്രകടിപ്പിക്കാനുള്ള വിവിധ മത്സരങ്ങൾ | ജനുവരി | ഹിന്ദി കലോത്സവ ജഡ്ജ്മെന്റിനുള്ള പ്രതിഫലം | PTA<br>SSA<br>RMSA | 1 ലക്ഷം |
| 6 | ഹിന്ദി മാതൃഭാഷയായുള്ള സംസ്ഥാനങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിക്കലും ജനങ്ങളുമായുള്ള ആശയവിനിമയവും ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കലും | ഹിന്ദി ഭാഷയിൽ ആശയഗ്രഹണം നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കൽ | ജനുവരി<br>ഫെബ്രുവരി | ട്രെയിൻ, ബസ്സ്, എന്നിവയ്ക്കുള്ള യാത്രാ ചെലവ് | PTA<br>SSA<br>RMSA<br>ജില്ലപഞ്ചായത്ത്<br>സന്നദ്ധ സംഘടനകൾ<br>എം.എൽ.എ<br>എം.പി | 5 ലക്ഷം |

# മലയാളം – "നന്മൊഴി മലയാളം"
# Kannada - "Kannada Nudi"

## ഹ്രസ്വകാലാധിഷ്ഠിത പരിപാടികൾ

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>**നന്മൊഴി മലയാളം**<br>**Kannada Nudi** | •പ്രീ-ടെസ്റ്റ്-വിശകലനം<br>•അക്ഷരം ഉറപ്പിക്കൽ<br>•ചിഹ്നം ഉറപ്പിക്കൽ<br>•അക്ഷരകാർഡുകൾ, പദകാർഡുകൾ ഇവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ<br>•ചിത്ര വായന<br>•അടിക്കുറിപ്പ് നൽകൽ<br>•കഥാ പൂരണം<br>•കവിതാ പൂരണം<br>•സി.ഡി ചിത്രങ്ങൾ പ്രദർശിപ്പിച്ച് വാക്യങ്ങൾ എഴുതൽ | 3 മാസം<br>ജൂൺ – ആഗസ്ത് | പുസ്തകങ്ങൾ<br><br>ചിത്രങ്ങൾ<br><br>സി.ഡി<br><br>ചാർട്ടുകൾ | PTA<br><br>SSA<br><br>RMSA<br><br>ജില്ലപഞ്ചായത്ത്<br><br>സന്നദ്ധ സംഘടനകൾ | 20000 |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കൽ<br><br>**വളരുന്ന വായന**<br>**Odi beleyona** | •ക്ലാസ്സ് വായനാക്കൂട്ടം രൂപീകരണം<br>•ക്ലാസ്സിലൊരു വായനാമൂല<br>•ക്ലാസ്സ് ലൈബ്രറി<br>•വായനാക്കുറിപ്പ് അവതരണം<br>•വായനാനുഭവങ്ങൾ പങ്കുവെക്കൽ | 4 മാസം<br>സെപ്തംബർ – ഡിസംബർ | ക്ലാസ്സ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>വായനാമുറി<br><br>പ്രാദേശിക ഗ്രന്ഥശാലകൾ | PTA<br><br>RBC<br><br>ഡയറ്റ് | 25000 |

| | | | | | | |
|---|---|---|---|---|---|---|
| | | •പുസ്തക ചർച്ച<br>•പത്രവായന<br>•ഇ-വായന<br>•വായനോത്സവം<br>•ആകാശവാണി - വാർത്താ വായന<br>•വായനാകുറിപ്പുകളുടെ പതിപ്പ്<br>•കവിതാ സമിതി - കവി ഹൃദയത്തിലേക്ക്<br>•കഥായാനം<br>•മികച്ച വായനക്കാരൻ - വായനാകേസരി പട്ടം | | പത്രമാസികകൾ<br>ഇന്റർ നെറ്റ്<br>കമ്പ്യൂട്ടർ | വിദ്യാരംഭം<br>പ്രാദേശിക ക്ലബ്ബുകൾ | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ<br>**വിടരുന്ന ഭാവന**<br>**Araluva Prathibhe** | •എഴുത്തുകൂട്ടം രൂപീകരണം<br>•ക്ലാസ്സ് ലൈബ്രറി<br>•വായനാസമിതി രൂപീകരണം<br>•വായനാക്കുറിപ്പ്<br>•വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം<br>•ദിനാചരണങ്ങൾ<br>•ആസ്വാദനക്കുറിപ്പ്<br>•ക്ലാസ്സ് വാരിക<br>•ക്ലാസ്സ് മാസിക<br>•ക്ലാസ്സ് വാർഷിക പതിപ്പ് | 3 മാസം<br>ജനുവരി - മാർച്ച് | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പുസ്തകങ്ങൾ | PTA<br>BRC<br>ഡയറ്റ്<br>അധ്യാപകർ | 50000 |

| | | | | | | |
|---|---|---|---|---|---|---|
| | | • പൊതു വേദികളിൽ നന്നായി സംസാരിക്കാനുള്ള കഴിവ്<br>• സംവാദം<br>• സാഹിത്യ-സാംസ്കാരിക -ചിത്ര ഗാലറി<br>• അഭിമുഖം<br>• സർഗ്ഗാത്മക രചനകളുടെ പതിപ്പ്<br>• ഭാഷാ പ്രൊജക്ട്<br>• മികച്ച എഴുത്തുകാരൻ - സർഗ്ഗശ്രീ പുരസ്കാരം | | | | |
| 4 | ഭാഷാ ശാക്തീകരണം<br><br>ദീർഘകാലാധിഷ്ഠിത പരിപാടി<br><br>**സ്കൂളിനെ മികച്ച ഭാഷാപഠന കേന്ദ്രമാക്കൽ** | • ക്ലാസ്സിൽ വായനാമുറി ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• കഥയരങ്ങ്<br>• കവിതയരങ്ങ്<br>• നാടകകളരി<br>• നാടൻപാട്ട് ശിൽപശാല<br>• സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി<br>• സാഹിത്യകാരന്മാരുടെ ഫോട്ടോകൾ സ്ഥാപിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>പുസ്തകങ്ങൾ<br><br>ഫോട്ടോകൾ<br><br>സി.ഡികൾ<br><br>ഇന്റർനെറ്റ് | PTA<br><br>BRC<br><br>ഡയറ്റ്<br><br>അധ്യാപകർ<br><br>ഗ്രന്ഥശാലകൾ<br><br>പ്രാദേശിക കലാകാരന്മാർ<br><br>സാഹിത്യകാരന്മാർ<br><br>സാംസ്കാരിക സ്ഥാപനങ്ങൾ | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | • പ്രസംഗ പരിശീലന കളരി<br>• മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ<br>• വിവിധ ഭാഷകളിൽ പ്രസംഗം തയ്യാറാക്കൽ | ജൂൺ - മാർച്ച് | സി.ഡികൾ<br><br>ഇന്റർനെറ്റ് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹ്രസ്വകാലം – ഗണിതം

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | •പ്രീ ടെസ്റ്റ്<br>•സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ ക്രിയകൾ ഉറപ്പിക്കൽ<br>•ഭിന്ന സംഖ്യകളുമായി ബന്ധപ്പെട്ട അടിസ്ഥാനക്രിയകൾ ഉറപ്പിക്കൽ<br>•ഗണിത ഭാഷ തിരിച്ചറിയാനുള്ള ശേഷി വളർത്തൽ<br>•ദശാംശഭിന്നങ്ങളും, അവയുമായി ബന്ധപ്പെട്ട അടിസ്ഥാന ക്രിയകളും ഉറപ്പിക്കൽ<br>•ശതമാനവുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ<br>•ബീജഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങളുറപ്പിക്കൽ<br>•ന്യൂനസംഖ്യയുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 3 മാസം<br><br>ജൂൺ മുതൽ ആഗസ്ത് വരെ | സി.ഡി<br><br>കളികൾ<br><br>ചാർട്ട്<br><br>ചിത്രങ്ങൾ<br><br>പുസ്തകങ്ങൾ<br><br>മുത്തുമാലകൾ<br><br>ജ്യാമിതിപ്പെട്ടി | PTA<br><br>BRC<br><br>ഡയറ്റ്<br><br>SCERT<br><br>SSA<br><br>RMSA<br><br>IED Trainer | 25000 |

| | | | | | | |
|---|---|---|---|---|---|---|
| | | •വരയ്ക്കുക, അളക്കുക എന്നീ കഴിവുകൾ ഉറപ്പിക്കൽ<br>•വർഗ്ഗം, വർഗ്ഗമൂലം, ഘനം, ഘനമൂലം ഇവയുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ<br>•പഠനവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>•എസ്.സി/എസ്.ടി കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ<br>•മാതൃസ്പർശം | | | | |
| 2 | കുട്ടിയെ മികച്ച ഗണിത വിദ്യാർത്ഥിയാക്കൽ (ഗണിത വസന്തം) | •ജ്യോമട്രിക്കൽ പാറ്റേൺ<br>•ഗണിതമാഗസിൻ (ക്ലാസ്സ്ലവൽ)<br>•ഗണിതലൈബ്രറിരൂപീകരിക്കൽ<br>•ഗണിതലാബ് രൂപീകരിക്കൽ<br>•ഗണിത സെമിനാറുകൾ<br>•ഗണിത ശാസ്ത്രഞ്ജരേയും അവരുടെ സംഭവനകളേയും പരിചയപ്പെടുത്തൽ<br>•ഗണിത പുസ്തക ചർച്ച<br>•ഗണിതവാരിക തയ്യാറാക്കൽ<br>•ഗണിത ക്വിസുകൾ<br>•ഗണിത പസിലുകൾ<br>•ഗണിത പഠനോപകരണ നിർമ്മാണം | 6 മാസം<br><br>സെപ്തംബർ മുതൽ ഫെബ്രുവരി വരെ | ലൈബ്രറി<br><br>ഗണിത ലാബ്<br><br>ഗണിത പുസ്തകങ്ങൾ<br><br>ആനുകാലികങ്ങൾ<br><br>ജ്യാമിതിപ്പെട്ടികൾ<br><br>ഇന്റർനെറ്റ് | PTA<br><br>ഡയറ്റ്<br><br>SCERT<br><br>ജില്ലാ പഞ്ചായത്ത് | 25000 |

| | | | | | | |
|---|---|---|---|---|---|---|
| | | • ഗണിത കവിതാ മത്സരം<br>• ഗണിതാശയങ്ങൾ - ഐ.ടി. പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>• ഗണിത പ്രോജക്ടുകൾ<br>• ഗണിത നാടകം<br>• ഗണിത ശേഖരണം (ഓരോ വിദ്യാർത്ഥിയും ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങളും, തത്വങ്ങളും, ആശയങ്ങളും, ലേഖനങ്ങളും ശേഖരിക്കുന്നു.)<br>• എന്റെ ഗണിത ആൽബം<br>• ഗണിതത്തിൽ വൈദഗ്ധ്യമുള്ള വ്യക്തികളുമായുള്ള അഭിമുഖം<br>• ഗണിത പ്രശ്നങ്ങൾ തയ്യാറാക്കൽ | | | | |

# ദീർഘകാല ലക്ഷ്യാധിഷ്ഠിത പരിപാടികൾ - സയൻസ്

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | Friday Experiments | • ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി എല്ലാ വെള്ളിയാഴ്ചകളിലും നിത്യജീവിതവുമായി ബന്ധപ്പെട്ട ലളിത പരീക്ഷണങ്ങൾ കുട്ടികൾ മുൻകൈയെടുത്ത് പരിചയപ്പെടുത്തൽ - പ്രധാനമായും ശാസ്ത്രാശയങ്ങളുടെ പ്രയോഗം | എല്ലാ വെള്ളിയാഴ്ച കളിലും ഉച്ച യ്ക്ക് 1.20 മുതൽ 2 മണി വരെ (1 വർഷം) | Improvised objects<br>Lab equipments | അധ്യാപകർ<br>ബി.ആർ.സി<br>ശാസ്ത്ര വിദഗ്ധർ | 2 ലക്ഷം |
| 2 | Sciencia | • പത്രങ്ങൾ, ആനുകാലികങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ ആഴ്ചയിലെയും ശാസ്ത്രവാർത്തകൾ, ശാസ്ത്രസംഭവങ്ങൾ എന്നിവ കണ്ടെത്തി പ്രദർശിപ്പിക്കലും ഇതിനെ അടിസ്ഥാനമാക്കി മാസാവസാനം ശാസ്ത്ര ക്വിസ് നടത്തലും | ജൂൺ മുതൽ ഫെബ്രുവരി വരെ | Bulletin Board<br>News Paper Cuttings<br>Chart Paper | അധ്യാപകർ<br>ബി.ആർ.സി | 10000 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Science day Celebrations | •ശാസ്ത്ര സംബന്ധമായ പ്രധാന ദിനങ്ങളുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നതിനായി കലണ്ടർ തയ്യാറാക്കി ശാത്രദിനാചരണങ്ങൾ നടത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | Bulletin Board<br><br>Posters | ശാസ്ത്രക്ലബ്ബ്<br><br>ശാസ്ത്ര വിദഗ്ധർ<br><br>ബി.ആർ.സി | 5000 |
| 4 | Innovation Lab | •ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ താൽപര്യം പുലർത്തുന്ന കുട്ടികൾക്ക് ഉന്നത പഠനത്തിന് ഉപകരിക്കുന്ന രീതിയിൽ നൈപുണീ വികസന പരിശീലനം - അന്വേഷണാത്മക പ്രൊജക്ടുകൾ സംവാദങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | Bulletin Board<br><br>ICT Lab, Lab എന്നിവ ഒരുമിച്ച് ഒരു മുറിയിൽ ലഭ്യമാകണം | ശാസ്ത്ര വിദഗ്ധർ<br><br>അധ്യാപകർ | 20000 |
| 5 | Science Radio | •ശാസ്ത്രാശയങ്ങൾ, ശാസ്ത്ര വാർത്തകൾ എന്നിവ കുട്ടികളെ ഉൾപ്പെടുത്തി പ്രത്യേകമായി രൂപീകരിച്ച ന്യൂസ് ഡെസ്ക് വഴി ക്ലാസ്സുകളിൽ സ്കൂൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | School Radio | അധ്യാപകർ | 25000 |

| | | | | | | |
|---|---|---|---|---|---|---|
| | | റേഡിയോ ഉപയോഗിച്ച് സംപ്രേഷണം ചെയ്യുക വഴി ഉച്ച ഭക്ഷണ ഇടവേളകൾ സജീവമാക്കൽ | | | | |
| 6 | ഔഷധ തോട്ട നിർമ്മാണം | •നാട്ടിൻപുറങ്ങളിലെ ഔഷധ സസ്യങ്ങൾ സ്കൂളിൽ പ്രത്യേകം തെരഞ്ഞെടുത്ത സ്ഥലത്ത് നട്ടുപിടിപ്പിക്കുകയും അവയുടെ നാമം, കുടുംബം, ഉപയോഗങ്ങൾ എന്നിവ പ്രദർശിപ്പിക്കലും, പരിപാലനവും | 1 വർഷം | ഔഷധ സസ്യങ്ങൾ<br>Name Board | അധ്യാപകർ<br>പി.ടി.എ<br>എം.പി.ടി.എ | 10000 |

## ഹ്രസ്വകാല ലക്ഷ്യാധിഷ്ഠിത പരിപാടികൾ

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | Field Trip | •ശാസ്ത്ര താൽപര്യം നിലനിർത്തുന്നതിനും, വളർത്തുന്നതിനുമായി നിത്യജീവിത പരിസരങ്ങൾ, ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്ഥലസന്ദർശനം | 1 ദിവസം | Transportation Fecility | അധ്യാപകർ<br>ശാസ്ത്ര വിദഗ്ധർ<br>ബി.ആർ.സി<br>പി.ടി.എ | 25000 |
| 2 | Science Film Festival | •പ്രധാന ശാസ്ത്ര സിനിമകൾ പ്രദർശനം, ചർച്ച, റിവ്യൂ | 2 ആഴ്ച | CD, Projecter, Science Films | അധ്യാപകർ<br>ശാസ്ത്ര വിദഗ്ധർ<br>ബി.ആർ.സി<br>പി.ടി.എ | 5000 |

# ദീർഘകാല ലക്ഷ്യാധിഷ്ഠിത പരിപാടികൾ – സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ | ചെലവ് |
|---|---|---|---|---|---|---|
| 1 | ഭൂപട പഠനം | •ക്ലാസ്സ് റൂം പ്രവർത്തനം<br>•മാപ്പിനെ പരിചയപ്പെടുത്തൽ<br>•മാപ്പിൽ സ്ഥലങ്ങൾ അടയാളപ്പെടുത്തൽ<br>•ഭൗതിക കാര്യങ്ങൾ ഭൂപടത്തിൽ രേഖപ്പെടുത്തൽ | ജൂൺ മുതൽ ജനുവരി വരെ | വ്യത്യസ്ത ഭൂപടങ്ങൾ | എസ്.എസ്.എ<br>സോഷ്യൽ സയൻസ് ക്ലബ് | 10000 |
| 2 | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | •ക്വിസ്<br>•ഉപന്യാസം<br>•പോസ്റ്റർ രചന<br>•കാർട്ടൂൺ രചന<br>•കൊളാഷ് നിർമ്മാണം<br>•പ്ലക്കാഡ് തയ്യാറാക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ചാർട്ട്<br>ചിത്രങ്ങൾ<br>പത്രകട്ടിങ്ങുകൾ<br>കളർ പേപ്പർ ഷീറ്റുകൾ | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 5000 |
| 3 | മോക്ക് പാർലമെന്റ് | •പാർലമെന്റ് പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ<br>•ബിൽ നിയമമാകുന്ന പ്രവർത്തനം പരിചയപ്പെടുത്തൽ | ജൂൺ മുതൽ ആഗസ്ത് വരെ | ബാലറ്റ് പേപ്പർ<br>ലൈറ്റ് & സൗണ്ട്<br>ഹാൾ<br>കസേരകൾ | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 5000 |
| 4 | പഠനയാത്ര | •ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ജനുവരി | ബസ്സ് | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 25000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | മാഗസിൻ നിർമ്മാണം | •കുട്ടികൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ലേഖനങ്ങൾ, കാർട്ടൂണുകൾ, നിരൂപണങ്ങൾ എന്നിവ തയ്യാറാക്കുന്നു, ശേഖരിക്കുന്നു. | ആഗസ്ത് മുതൽ ഡിസംബർ വരെ | ഷീറ്റ് പേപ്പർ<br>കവർപേജ് | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 5000 |
| 6 | നാട്ടുവർത്തമാനം | •സ്കൂളിലെയും സ്കൂളിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെയും സംഭവങ്ങളുമായി ബന്ധപ്പെട്ട് ഒരു പത്രം നിർമ്മിക്കുന്നു. | ഡിസംബർ | ഷീറ്റ് പേപ്പർ | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 3000 |
| 7 | സ്റ്റുഡന്റ് ബാങ്കിംഗ് | •കുട്ടികളിൽ നിന്ന് ചെറിയ തുക പിരിച്ചെടുക്കൽ | ഓരോ ആഴ്ചയിലും (ജൂൺ - മാർച്ച്) | പാസ് ബുക്ക്<br>ലോക്കർ<br>പ്രത്യേക മുറി | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 1 ലക്ഷം |
| 8 | അറിവ് ജാലകം | •പത്രവായന<br>•പത്രവാർത്ത അടിസ്ഥാനമാക്കി ക്വിസ് മത്സരം | പ്രതിമാസം (ജൂൺ - മാർച്ച്) | പത്രങ്ങൾ<br>ആനുകാലികങ്ങൾ | പി.ടി.എ<br>സോഷ്യൽ സയൻസ് ക്ലബ് | 10000 |

# ACADEMIC MASTER PLAN - ENGLISH

| SI No | PROGRAMME | ACTIVITY | DURATION | PHYSICAL | SUPPORT | FUND |
|---|---|---|---|---|---|---|
| 1 | Magic Box | • Book Review<br>• Quiz<br>• Femiliarise the writers and poets | June - March | Books, Shelf, Ledger | Library<br>PTA | 10000 |
| 2 | News Rays | • Classwise News paper distribution<br>• Quiz<br>• Learn the terms like editorial, headlines, articles etc. | June - March | News Paper | PTA | 10000 |
| 3 | Language lab | • Enrich Vocabulary<br>• Forming words<br>• Construction of sentences<br>• Spelling<br>• Pronunciation | June - March | Digital Room | PTA<br>SSA | 250000 |
| 4 | English Fest | • Conducts various competitions for children who like English speech, recitation etc. | October - March | Judges | PTA | 15000 |
| 5 | Let's talk | • Spoken English Classes by resource persons | Twice in a Month | Digital Class Room | PTA | 15000 |
| 6 | Creativity | • Poem, Articles, Story etc.<br>• Preperation or a Magazine with all these materials | June to March | Papers, Cover pages | PTA<br>English Club | 15000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | Cinema Club | • Film Show<br>• Film Review<br>• Film Festival<br>• Short Film making | August - December | Digital Class<br>IT Lab<br>School Auditorium | PTA<br>English Club<br>Open frame-Payyannur | 50000 |
| 8 | Enrich your grammer | • Femiliarise English grammer<br>• Exercises | Twice in a Week from June to February | Class Room | English Club | |
| 9 | Digital Magazine | • Poems<br>• Stories<br>• Articles<br>• Activity Photos | June - February | IT lab, Printer, Scanner | | 5000 |
| 10 | News Reading | • For enrich the vocabulary and pronuciation skill of students | June - February | School Radio | English Club | |
| 11 | Seize the day | • Familiarize the students about the importance of the day | June - February | Posters, WhatsApp, Notice board | English Club in Associa-tion with various Clubs | 15000 |

# നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ എണ്ണം

| ക്രമ നമ്പർ | കമ്മിറ്റിയുടെ പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പി.ടി.എ | 21 |
| 2 | മദർ പി.ടി.എ | 19 |
| 3 | എസ്.എം.സി | 9 |
| 4 | എസ്.എം.ഡി.സി | 23 |
| 5 | വിദ്യാലയ വികസന സമിതി | 23 |
| 6 | ഉച്ചക്കഞ്ഞി | 10 |
| 7 | കമ്പ്യൂട്ടർ അഡ്വൈസറി കമ്മിറ്റി | 8 |